"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 31-ാമത് സംസ്ഥാന കൗൺസിൽ യോഗനടപടി കുറിപ്പ്**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 31-ാമത് സംസ്ഥാന കൗൺസിൽ യോഗം 29/01/2025 ന് പകൽ 11.30 മണിക്ക് ബഹു. തദ്ദേശ സ്വയംഭരണം & എക്സൈസ്, പാർലമെന്ററി കാര്യം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

**പങ്കെടുത്തവർ**

1. ശ്രീമതി. ബിന്ദു എ ആർ, അഡീഷണൽ സെക്രട്ടറി, ഫിനാൻസ്
2. ശ്രീതി. ജോസഫൈൻ ജെ, ചീഫ്, ഡി പി ഡി, എസ് പി ബി
3. ശ്രീ. മുഹമ്മദ് ജ, അഡീഷണൽ ഡയറക്ടർ, ശുചിത്വ മിഷൻ
4. ശ്രീ. എസ് രാജേന്ദ്രൻ, കൗൺസിൽ അംഗം
5. ശ്രീ. അഭിലാഷ് വി പി, പ്രോജക്ട് ഡയറക്ടർ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി
6. ശ്രീമതി. റോഷ്നി എസ് പിള്ള, എസ് പി എം, പി എം എ വൈ, കുടുംബശ്രീ

**ഇനം 1**

27/08/2024 ന് രാവിലെ 11.00 മണിക്ക് ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 30-ാമത് യോഗത്തിന്റെ മിനിറ്റ്സിന് യോഗം അംഗീകാരം നൽകി.

**ഇനം 2**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2217-80-800-76 (പി) എന്ന ശീർഷകത്തിൽ നൂറ്റിഅറുപത്തി അഞ്ചു കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ഈ തുക ചെലവഴിക്കുന്നതിന് 23/05/2024 തീയതിയിലെ സ.ഉ.(സാധാ) നം.906/2024/ ത.സ്വ.ഭ.വ. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം 2024-25

സാമ്പത്തിക വർഷം വിവിധ നഗരസഭകൾക്ക് തുക അനുവദിച്ച നൽകിയ ഡയറക്ടറുടെ(അർബൻ ) നടപടി അംഗീകരിച്ചു.

**ഇനം 3**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ജില്ല ജോയിന്റ് ഡയറക്ടർമാർ ശിപാർശ ചെയ്ത് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതു പ്രകാരമുള്ള 18 നഗരസഭകളുടെ 2024-25 വർഷത്തെ ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും അംഗീകരിച്ചു.

**വാർഷിക കർമ്മ പദ്ധതി 2024-25**

| ക്രമ നം. | നഗരസഭയുടെ പേര് | പദ്ധതി അടങ്കൽ തുക | ജില്ല ജോയിന്റ് ഡയറക്ടർ ശിപാർശ ചെയ്ത തുക നിരക്കിൽ | ഡി പി സി അംഗീകരിച്ച തുക | 2024-25 വർഷത്തിൽ പ്രതീക്ഷിക്കുന്ന തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 17,36,45,988 | 17,36,45,988 | 17,36,45,988 | 4,74,054 |
| 2. | നെയ്യാറ്റിൻകര | 10,91,00,000 | 10,91,00,000 | 10,91,00,000 | 1,96,576 |
| 3. | ആലപ്പുഴ | 13,85,00,000 | 13,85,00,000 | 13,85,00,000 | 4,03,873 |
| 4. | കായംകുളം | 26,18,56,215 | 26,18,56,215 | 26,18,56,215 | 7,25,750 |
| 5. | കട്ടപ്പന | 6,66,54,940 | 6,66,54,940 | 6,66,54,940 | 1,33,324 |
| 6. | തൊടുപുഴ | 5,94,20,000 | 5,94,20,000 | 5,94,20,000 | 1,07,063 |
| 7. | കളമശ്ശേരി | 4,18,50,596 | 4,18,50,596 | 4,18,50,596 | 75,405 |
| 8. | പെരുമ്പാവൂർ | 5,34,00,000 | 5,34,00,000 | 5,34,00,000 | 1,03,586 |
| 9. | തൃപ്പൂണിത്തുറ | 4,90,24,120 | 4,90,24,120 | 4,90,24,120 | 1,06,957 |
| 10. | പിറവം | 7,02,18,000 | 7,02,18,000 | 7,02,18,000 | 1,77,779 |
| 11. | കൊച്ചി | 11,96,35,730 | 11,96,35,730 | 11,96,35,730 | 1,36,025 |
| 12. | തൃശൂർ | 11,02,39,000 | 11,02,39,000 | 11,02,39,000 | 2,27,829 |
| 13. | കൽപ്പറ്റ | 102700000 | 10,27,00,000 | 10,27,00,000 | 2,26,788 |
| 14. | പയ്യോളി | 6,45,42,000 | 6,45,42,000 | 6,45,42,000 | 1,52,222 |
| 15. | സുൽത്താൻ | 39,86,85,000 | 39,86,85,000 | 39,86,85,000 | 8,00,168 |

| | | | | | |
|---|---|---|---|---|---|
| | ബത്തേരി | | | | |
| 16. | നീലേശ്വരം | 10,20,00,000 | 10,20,00,000 | 10,20,00,000 | 2,50,209 |
| 17. | കാഞ്ഞങ്ങാട് | 11,12,00,768 | 11,2,00,768 | 11,12,00,768 | 2,99,206 |
| 18. | കാസറഗോഡ് | 4,29,48,450 | 4,29,48,450 | 4,29,48,450 | 95,650 |
| | **ആകെ** | **207,56,20,807** | **207,56,20,807** | **207,56,20,807** | **46,92,464** |

**ഇനം 4**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലേക്കായി മുൻവർഷങ്ങളിൽ നഗരസഭകൾ ചെലവഴിച്ച തുക തിരികെ നൽകുന്നതിനായി ആവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ട് നഗരസഭകളിൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക തുക മുഴുവനും ലഭ്യമാക്കുന്നതിനായി ബഹു. ധനകാര്യ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ് /ധനകാര്യ വകുപ്പ്**

**ഇനം 5.**

സ.ഉ.(കൈ) നം. 216/2017/തസ്വഭവ തീയതി 03/11/2017 ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ **1.4.5 ഖണ്ഡിക** പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടുന്ന അതേ നിരക്ക് പ്രകാരമുള്ള കൂലി അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ലഭ്യമാക്കാനുള്ള അവകാശം പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വേതനം ആയ 333 രൂപയാണ് അയ്യൻകാളി തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2024-25 സാമ്പത്തിക വർഷം തുടക്കം മുതൽ 346/- രൂപയാണ് കൂലി നൽകുന്നത്. ഈ അന്തരം പരിഹരിക്കുന്നതിനായി, തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഈ സാമ്പത്തിക വർഷത്തിൽ ഉടൻ തന്നെയും തുടർന്നു വരുന്ന സാമ്പത്തിക വർഷങ്ങളിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതന വർദ്ധനവ് വരുന്ന മുറയ്ക്ക് തന്നെ നിലവിലുള്ള മറ്റു നടപടികൾ ലഘൂകരിച്ചു കൊണ്ട് അയ്യൻകാളി നഗര തൊഴിലുറപ്പ്

പദ്ധതിയിലും വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സെല്ലിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**നടപടി: പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്**

**ഇനം. 6.**

27/08/2024 ലെ സംസ്ഥാന കൗൺസിൽ തീരുമാനം നം 7 പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പ പദ്ധതിക്കായി കരാർ അടിസ്ഥാനത്തിൽ ഒരു ഐ.ടി ഓഫീസറെ നിയമിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയതു പ്രകാരം 5 0 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത 5 0 അപേക്ഷകളിൽ യോഗ്യരായ 2 2 ഉദ്യോഗാർത്ഥികളെ എഴുത്തു പരീക്ഷയ്ക്ക് ക്ഷണിച്ചിരുന്നു. ആയതിൽ 6 പേര് ഹാജരായിട്ടുണ്ട്. മേൽ പറഞ്ഞ 6 പേർക്ക് അഭിമുഖം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഭിമുഖം നടത്തി ഐ.ടി ഓഫീസറെ നിയമിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.30 മണിയ്ക്ക് അവസാനിച്ചു.

M B RAJESH
MINISTER